**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1603** **08-10-2021 - ൽ മറുപടിയ്ക്ക്**

**അഗ്രോ ഇൻഡസ്ട്രീയിലെ കാർഷിക യന്ത്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | **Shri. P. Prasad**<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | മണലൂർ മണ്ഡലത്തിലെ അരിമ്പൂരിൽ പ്രവർത്തിക്കുന്ന അഗ്രോ ഇൻഡസ്ട്രീയെ കാർഷിക യന്ത്രങ്ങൾ റിപ്പയർ ചെയ്യുന്ന വർക്ക്ഷോപ്പ് അടക്കമുള്ള സംവിധാനങ്ങളൊരുക്കി വിപുലീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; | (എ) | മണലൂർ മണ്ഡലത്തിലെ അരിമ്പൂരിൽ പ്രവർത്തിക്കുന്ന കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ വലിയ കാർഷിക യന്ത്രങ്ങൾ റിപ്പയർ ചെയ്യുന്നതിന് ആവശ്യമായ സംവിധാനത്തോടുകൂടിയ വർക്ക് ഷോപ്പ് ഇല്ല. യൂണിറ്റിനോടനുബന്ധിച്ച് ലഭ്യമായ സ്ഥലത്ത് കൃഷി വകുപ്പിന്റെ ഏതെങ്കിലും പദ്ധതിയിൽ ഉൾപ്പെടുത്തി നൂതന വർക്ക് ഷോപ്പ് സജ്ജീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (ബി) | ഏതെല്ലാം കാർഷിക യന്ത്രങ്ങളാണ് അവിടെയുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | അരിമ്പൂർ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ താഴെ പറയുന്ന യന്ത്രങ്ങൾ ആണ് നിലവിലുള്ളത്. കൊയ്ത്തുമെതി യന്ത്രം 63 എണ്ണം, പവർ ടില്ലർ 30 എണ്ണം, ട്രാക്ടർ 4 എണ്ണം, നടീൽ യന്ത്രം 7 എണ്ണം |
| (സി) | കർഷകർക്ക് യന്ത്രങ്ങൾ വിതരണം ചെയ്യുന്നത് ഏത് സംവിധാനത്തിലാണെന്ന് അറിയിക്കാമോ; | (സി) | യന്ത്രങ്ങൾ വിതരണം ചെയ്യുന്നത് താഴെ പറയും പ്രകാരമാണ്. 1) കൊയ്ത്തുമെതി യന്ത്രങ്ങൾ ആവശ്യമായി വരുന്ന പാടശേഖരസമിതികളുടെ മുൻകൂട്ടിയുള്ള അപേക്ഷകൾ കൊയ്ത്തിനു വേണ്ടി വരുന്ന തീയതി ഉൾപ്പെടെ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. 2) ഈ അപേക്ഷയിൽ ബന്ധപ്പെട്ട കൃഷി ഓഫീസറുടെ ശിപാർശ ഉണ്ടായിരിക്കേണ്ടതാണ്. 3) ബന്ധപ്പെട്ട പാടശേഖര സമിതി സെക്രട്ടറി/പ്രസിഡന്റ്/കൺവീനർ/ അപേക്ഷകൻ, 200 രൂപയുടെ മുദ്രപത്രത്തിൽ എഗ്രിമെന്റ് വെച്ച് ഒരു യന്ത്രത്തിന് 20,000 രൂപ അഡ്വാൻസ് വാങ്ങി യന്ത്രങ്ങൾ പാടശേഖര സമിതികൾക്ക് കൈമാറുന്നു. 4) മണിക്കൂറിന് 800 രൂപ നിരക്കിലാണ് വാടകയ്ക്ക് നൽകുന്നത്. 5) യന്ത്രങ്ങൾ പ്രവർത്തിക്കുന്നതിന് ആവശ്യമായി വരുന്ന ഇന്ധനം (ഡീസൽ), യന്ത്രങ്ങൾ കൊണ്ടുപോയി തിരികെ ഓഫീസിലേയ്ക്ക് കൊണ്ടുവരുന്നതിനുള്ള കടത്തു കൂലി എന്നിവ |

| | | | |
|---|---|---|---|
| | | | അപേക്ഷകർ വഹിക്കേണ്ടതാണ്. 6) ഡ്രൈവർ, ഹെൽപ്പർ എന്നിവ ആവശ്യമായി വരുന്ന സാഹചര്യത്തിൽ താമസം, ഭക്ഷണം തുടങ്ങിയവ പാടശേഖരസമിതി തരപ്പെടുത്തി നൽകേണ്ടതാണ്. 7) യന്ത്രങ്ങൾ ഉപയോഗിച്ചതിന്റെ അടിസ്ഥാനത്തിൽ തുക കണക്കാക്കി അഡ്വാൻസ് കുറച്ച ശേഷം പണമിടപാട് തീർപ്പാക്കുന്നതാണ്. 8)യന്ത്രങ്ങൾ തിരികെ ഏൽപ്പിക്കുന്നതിന് മുൻപായി കഴുകി വൃത്തിയാക്കി നൽകേണ്ടതാണ്. |
| (ഡി) | ഇടനിലക്കാരെ ഒഴിവാക്കി പാടശേഖര സമിതിക്ക് യന്ത്രങ്ങൾ നേരിട്ട് നൽകാനുള്ള നടപടി സ്വീകരിക്കാനാകുമോ; വിശദാംശങ്ങൾ നൽകാമോ? | (ഡി) | ബന്ധപ്പെട്ട പാടശേഖര സമിതി സെക്രട്ടറി/ പ്രസിഡന്റ്/കൺവീനർ/ അപേക്ഷകൻ 200 രൂപയുടെ മുദ്രപത്രത്തിൽ എഗ്രിമെന്റ് വെച്ച് ഒരു യന്ത്രത്തിന് 20,000 രൂപാ അഡ്വാൻസ് വാങ്ങി പാടശേഖര സമിതികൾക്ക് കൈമാറിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ